ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ ആന്റ് ബി) പൂർണ്ണമായും കുറ്റമറ്റതാണെന്ന് പറയാനാവില്ല എങ്കിലും പരമാവധി കുറ്റമറ്റതാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് കേന്ദ്ര സഹായത്തോടെയുള്ള എ.പി.ഡി.ആർ.പി. 3 ജില്ലകളിലും 33 ടൗണുകളിലും നടപ്പിലാക്കുന്നുണ്ട്. മറ്റ് പ്രദേശങ്ങളിലെ വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് വോൾട്ടേജ് ഇംപ്രൂവ്മെന്റ്, സിസ്റ്റം ഇംപ്രൂവ്മെന്റ് പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ 11 കെ. വി. ലൈനുകൾ നിർമ്മിക്കാനും ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനും കേടുവന്ന മീറ്ററുകൾ മാറ്റി സ്ഥാപിക്കാനും, HT/LT അനുപാതം മെച്ചപ്പെടുത്താനും ഉദ്ദേശ്യമുണ്ട്.

(സി) പദ്ധതികൾ നടപ്പിലാക്കിവരികയാണ്. ഇവ പൂർത്തീകരിക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ട്.

പുതിയ വൈദ്യുതി ഉൽപ്പാദന പദ്ധതികൾ

*13 [71] ശ്രീ. പി. കെ. അബ്ദുറബ്ബ്:

,, സി. മോയിൻകുട്ടി:

,, കെ. എൻ. എ. ഖാദർ:

,, സി. മമ്മൂട്ടി:

,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം കൂടിവരുന്നത് കണക്കിലെടുത്ത് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ ജലവൈദ്യുത പദ്ധതികൾ, താപവൈദ്യുത നിലയങ്ങൾ, ന്യൂക്ലിയർ വൈദ്യുത നിലയങ്ങൾ, മറ്റുള്ളവ എന്നിവ എത്ര വീതമാണ് എന്ന് വിശദമാക്കുമോ;

(ഡി) ഈ പദ്ധതികളുടെ ഫലമായി ഉത്പാദിപ്പിക്കാൻ സാധിക്കുന്ന വൈദ്യുതിയുടെ അളവ് എത്രയെന്നാണ് കണക്കാക്കിയിരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഉണ്ട്.

(ബി, സി ആന്റ് ഡി) പത്താം പദ്ധതിക്കാലത്ത് 24 ജലവൈദ്യുത പദ്ധതികളിൽ നിന്ന് മൊത്തം 470.65 മെഗാവാട്ടും, ശബരിഗിരി, നേരിയമംഗലം എന്നീ പദ്ധതികളുടെ നവീകരണംവഴി യഥാക്രമം 35 മെഗാവാട്ടും 9 മെഗാവാട്ടും, സ്വകാര്യമേഖലയ്ക്ക് അനുവദിച്ച 13 പദ്ധതികളിൽ നിന്ന് 46.75 മെഗാവാട്ടും വൈദ്യുതി ഉൽപ്പാദിപ്പിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.† കൂടാതെ സ്വകാര്യ മേഖലയിലെ വിവിധ താപനിലയങ്ങളിൽ നിന്നും 605 മെഗാവാട്ട് വൈദ്യുതി ലക്ഷ്യമിട്ടിട്ടുണ്ട്. കേന്ദ്ര താപവൈദ്യുത നിലയങ്ങളിൽ നിന്ന് പത്താം പദ്ധതിയുടെ ശേഷിക്കുന്ന കാലയളവിൽ 202 മെഗാവാട്ട് വൈദ്യുതികൂടി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ശബരിമലയിൽ തീർത്ഥാടകർക്കാവശ്യമായ സൗകര്യം ഏർപ്പെടുത്തുവാൻ നടപടി

*14 [72] ശ്രീ. ജി. പ്രതാപവർമ്മതമ്പാൻ:

,, കെ. ബാബു:

,, കെ. എ. ചന്ദ്രൻ:

,, സി. പി. മുഹമ്മദ്:

,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ടൂറിസവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കാവശ്യമായ സൗകര്യം ഉണ്ടാക്കുന്നതിന് വനംവകുപ്പ് തടസ്സം സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ബന്ധപ്പെട്ട വകുപ്പുകൾ തമ്മിൽ ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചിട്ടുണ്ടോ; എങ്കിൽ ഫലമെന്തായിരുന്നു?

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[2-2-2005-ലെ നക്ഷത്ര ചിഹ്നമിട്ട *13 (71)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

	പദ്ധതി	ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്ന വൈദ്യുതിയുടെ അളവ്	
1.	മലങ്കര	10.50	മെ.വാ.
2.	ചെമ്പുകടവ് 1, 2	6·45	,,
3.	ഉറുമി 1, 2	6·15	,,
4.	വടക്കേപ്പുഴ ഡൈവേർഷൻ	12·00	മി.യു.
5.	വഴിക്കടവ് ഡൈവേർഷൻ	24·00	,,
6.	കുറ്റ്യാടി ഓഗ്മെന്റേഷൻ	223·00	,,
7.	കുറ്റ്യാടി റ്റെയിൽ റേസ്	3·75	മെ.വാ.
8.	ആതിരപ്പിള്ളി	163·00	,,
9.	കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ	100	,,
10.	കുറ്റിയാർ ഡൈവേർഷൻ	37·00	മി.യു.
11.	നേര്യമംഗലം എക്സ്റ്റൻഷൻ	25·00	മെ.വാ.
12.	പള്ളിവാസൽ എക്സ്റ്റൻഷൻ	60·00	,,
13.	ലോവർ മീൻമുട്ടി	3·50	,,
14.	മീൻവല്ലം	3·00	,,
15.	ബാരാപോൾ	21·00	,,
16.	ഭൂതത്താൻകെട്ട് കാപ്പ്ടീവ്	16·00	,,
17.	കാരിക്കയം	15·00	,,
18.	ഉള്ളുങ്കൽ	7·00	,,
19.	പെരുന്തേനരുവി	6·00	,,
20.	വിലങ്ങാട്	7·50	,,
21.	ചാത്തൻകോട്ടുനട II	6·00	,,
22.	പുഴിത്തോട്	4·80	,,
23.	പശുക്കടവ്	2·00	,,
24.	മണിയാർ ടെയിൽ റേസ്	4·00	,,

LIBRARY ARCHIVES Kerala Legislative Assembly